**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 162** **20-01-2021 - ൽ മറുപടിയ്ക്ക്**

**അളവ് തൂക്കങ്ങളിലെ വ്യാപക തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ എം ഷാജി ,<br>ഡോ.എം.കെ . മുനീർ ,<br>ശ്രീ . സി. മമ്മൂട്ടി ,<br>ശ്രീ . എം . ഉമ്മർ | | Shri P. Thilothaman<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | പെട്രോൾ ബങ്കുകളിൽ ഉൾപ്പെടെ അളവ് തൂക്കങ്ങളിൽ വ്യാപകമായ തട്ടിപ്പ് നടത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വ്യാപകമായ തട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല അത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ വകുപ്പിന്റെ ശക്തമായ ഇടപെടൽ ഉറപ്പാക്കിയിട്ടുണ്ട്. |
| (ബി) | അളവ് തൂക്കത്തിലെ കൃത്യത ഉറപ്പാക്കുന്നതിനും ക്രമക്കേടുകൾ ഒഴിവാക്കുന്നതിനും ലീഗൽ മെട്രോളജി വകുപ്പ് ഫലപ്രദമായി ഇടപെടുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | അളവിലെ കൃത്യത ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പ് വാർഷിക പരിശോധനയും ക്രമക്കേടുകൾ തടയുന്നതിനായി മിന്നൽ പരിശോധനയും നടത്തുന്നുണ്ട്. നിപ്പ, കോവിഡ് തുടങ്ങിയ മഹാമാരികളുടെയും, പ്രളയത്തിന്റെയും സമയത്ത് പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ലീഗൽ മെട്രോളജി വകുപ്പ് അളവുതൂക്ക ഉപകരണങ്ങൾ യഥാസമയം പുന:പരിശോധന നടത്താൻ സാധിക്കാത്ത വ്യാപാരികൾക്ക് പിഴയും അഡീഷണൽ ഫീസും ഒഴിവാക്കി പുന:പരിശോധന നടത്തി മുദ്ര വയ്ക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു നൽകി. കൂടാതെ കൊറോണ കാലയളവിൽ ലീഗൽ മെട്രോളജി വകുപ്പ് മാസ്കിന് അമിത വില ഈടാക്കിയ 64 വ്യാപാരികൾക്കെതിരേയും, സാനിറ്റൈസറിന് അമിത വില ഈടാക്കിയ 73 വ്യാപാരികൾക്കെതിരേയും, കുപ്പിവെള്ളത്തിന് അമിത വില ഈടാക്കിയ വ്യാപാരികൾ ക്കെതിരേയും മറ്റ് വിഭാഗങ്ങളിലായി 93 വ്യാപാരികൾക്കെതിരേയും, ഉൾപ്പെടെ 843 കേസുകൾ രജിസ്റ്റർ ചെയ്യുകയും 38,75,000/- രൂപ രാജി ഫീസ് ഈടാക്കുകയും, റേഷൻ, തൂക്കത്തിൽ കുറച്ച് വിൽപ്പന നടത്തിയതിന് 235വ്യാപാരികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് 9,99,000/- രൂപ രാജി ഫീസ് ഈടാക്കുകയും ചെയ്തു. എല്ലാ പമ്പുകളിലും വാർഷിക പുന:പരിശോധന നടത്തുന്നുണ്ട്. കൂടാതെ മറ്റ് സ്ഥാപനങ്ങളിൽ അളവിലെ കൃത്യത ഉറപ്പാക്കുന്നതിനായി മിന്നൽ പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. പരാതികൾ ലഭിക്കുന്ന അവസരത്തിൽ സർക്കാർ നിർദ്ദേശപ്രകാരവും മിന്നൽ പരിശോധന നടത്തി ശിക്ഷാനടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | കാര്യക്ഷമമായ പരിശോധനകൾ നടത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) | അളവിലെ കൃത്യത ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പ് വാർഷിക പരിശോധനയും ക്രമക്കേടുകൾ തടയുന്നതിനായി മിന്നൽ പരിശോധനയും നടത്തുന്നുണ്ട്. നിപ്പ, കോവിഡ് തുടങ്ങിയ മഹാമാരികളുടെയും, പ്രളയത്തിന്റെയും സമയത്ത് പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ലീഗൽ മെട്രോളജി വകുപ്പ് അളവുതൂക്ക ഉപകരണങ്ങൾ യഥാസമയം പുന:പരിശോധന നടത്താൻ സാധിക്കാത്ത വ്യാപാരികൾക്ക് പിഴയും അഡീഷണൽ ഫീസും ഒഴിവാക്കി പുന:പരിശോധന നടത്തി മുദ്ര വയ്ക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു നൽകി. കൂടാതെ കൊറോണ കാലയളവിൽ ലീഗൽ മെട്രോളജി വകുപ്പ് മാസ്കിന് അമിത വില ഈടാക്കിയ 64 വ്യാപാരികൾക്കെതിരേയും, സാനിറ്റൈസറിന് അമിത വില ഈടാക്കിയ 73 വ്യാപാരികൾക്കെതിരേയും, കുപ്പിവെള്ളത്തിന് അമിത വില ഈടാക്കിയ വ്യാപാരികൾ ക്കെതിരേയും മറ്റ് വിഭാഗങ്ങളിലായി 93 വ്യാപാരികൾക്കെതിരേയും, ഉൾപ്പെടെ 843 കേസുകൾ രജിസ്റ്റർ ചെയ്യുകയും 38,75,000/- രൂപ രാജി ഫീസ് ഈടാക്കുകയും, റേഷൻ, തൂക്കത്തിൽ കുറച്ച് വിൽപ്പന നടത്തിയതിന് 235വ്യാപാരികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് 9,99,000/- രൂപ രാജി ഫീസ് ഈടാക്കുകയും ചെയ്തു. എല്ലാ പമ്പുകളിലും വാർഷിക പുന:പരിശോധന നടത്തുന്നുണ്ട്. കൂടാതെ മറ്റ് സ്ഥാപനങ്ങളിൽ അളവിലെ കൃത്യത ഉറപ്പാക്കുന്നതിനായി മിന്നൽ പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. പരാതികൾ ലഭിക്കുന്ന അവസരത്തിൽ സർക്കാർ നിർദ്ദേശപ്രകാരവും മിന്നൽ പരിശോധന നടത്തി ശിക്ഷാനടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ